# കേരള സർക്കാർ

**സംഗ്രഹം**

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിൽ ദിവസവേതന വ്യവസ്ഥയിൽ ജോലിചെയ്യുന്ന ശ്രീമതി.പുഷ്പവല്ലി.സി @പുഷ്പലത ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 1919/15 - ാം നമ്പർ കേസ്സിൻമേലുള്ള 19/11/2015 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സഉ(ആർ.ടി) നം.2304/2016/തസ്വഭവ** **തീയതി, തിരുവനന്തപുരം, 30/07/2016**

---

പരാമർശം :
1) 25/11/2005 ലെ സഉ(പി) 501/05/ധന നമ്പർ ഉത്തരവ്.
2) 09/02/2010 ലെ ലെ സഉ(പി) 61/2010/ധന നമ്പർ ഉത്തരവ്.
3) OA 1919/15 -ാം നമ്പർ കേസ്സിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 19/11/2015 ലെ ഉത്തരവ്.
4) പഞ്ചായത്ത് ഡയറക്ടറുടെ 16/02/2016-ലെ ഇ 9-2104/2016 നം. കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിൽ 01/01/2007 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി. പുഷ്പവല്ലി.സി @ പുഷ്പലതയെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ സമർപ്പിച്ച OA 1919/15 നമ്പർ അന്യായത്തിൽ ഉത്തരവ് ലഭിച്ച് 3 മാസത്തിനകം ടിയാളെ നേരിൽകേട്ടശേഷം Annexure-A10 സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് നിർദ്ദേശിച്ച് ഉത്തരവായിരുന്നു

പാർട്ട് ടൈം സ്വീപ്പർ സ്ഥിരം തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്തണമെന്നുള്ള പഞ്ചായത്ത് വകുപ്പിന്റെ നിർദ്ദേശത്തിനെതിരെ ടിയാളെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യവത്തിലാണ് ശ്രീമതി. പുഷ്പവല്ലി സി ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഹർജി സമർപ്പിച്ചത്. ബഹു ട്രിബ്യൂണലിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടിയാളെ സർക്കാർ നേരിൽ കേൾക്കുകയുണ്ടായി.

ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കാവനൂർ ഗ്രാമ പഞ്ചായത്തിൽ 16/12/2006 മുതൽ പാർട്ട് ടൈം സ്വീപ്പറുടെ ജോലി ചെയ്യുന്നതിന് ആളില്ലാതെ വന്നതിന്റെ പശ്ചാത്തലത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 01/01/2007 മുതൽ പരാതിക്കാരിയായ ശ്രീമതി. പുഷ്പവല്ലി.സി @പുഷ്പലതയെ പാർട്ട് ടൈം സ്വീപ്പറുടെ തസ്തികയിൽ താത്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ചതാണെന്ന് പരാമർശം 4 പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരാമർശം 1, 2 ലെ ഉത്തരവുകൾ പ്രകാരം 25/11/2005 നോ അതിന് മുമ്പോ നിയമനം ലഭിച്ചവർക്കു മാത്രമേ സ്ഥിരനിയമനത്തിന് അർഹതയുള്ളൂ.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ കാവനൂർ ഗ്രാമപഞ്ചായത്തിൽ 01.01.2007 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തുവന്നിരുന്ന ശ്രീമതി.പുഷ്പവല്ലി.സി @ പുഷ്പലത പരാമർശം 1, 2 ലെ ഉത്തരവുകളുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ ടിയാളെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. . പ്രസ്തുത ഒഴിവലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

OA 1919/15 -ാം നമ്പർ അന്യായത്തിൻമേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09/11/2015 ലെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി. എസ്**

**അണ്ടർ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം ജില്ല.
സെക്രട്ടറി,കാവനൂർ ഗ്രാമ പഞ്ചായത്ത്, മലപ്പുറം ജില്ല.
ശ്രീമതി . പുഷ്പവല്ലി . സി @പുഷ്പലത, പാർട്ട് ടൈം സ്വീപ്പർ,കാവനൂർ ഗ്രാമ പഞ്ചായത്ത് മലപ്പുറം ജില്ല.
(സെക്രട്ടറി, കാവനൂർ ഗ്രാമ പഞ്ചായത്ത് മുഖേന)
ധനവകുപ്പ്(യു.ഒ നം.253999/എക്സ്പെ-സി2/66/16/ധന തീയതി 07/07/2016.പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(ഫയൽ. നം. ഇപിഎ 2/479/2015/തസ്വഭവ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ